(ബി) എങ്കിൽ ഏതെല്ലാമാണ്; എത്രയാണ് അവാർഡ് തുക ;

(സി) ഈ തുക എന്തിനുവേണ്ടിയാണ് വിനിയോഗിച്ചതെന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ അവാർഡ് സംസ്ഥാനത്തിന് ആദ്യമായാണോ ലഭിക്കുന്നത് ;

(ഇ) ഇന്ത്യയിൽ മറ്റേതെങ്കിലും സംസ്ഥാനങ്ങൾക്ക് ഈ അവാർഡ് ലഭിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ & ബി) പഞ്ചായത്ത് രാജ് സംവിധാനം ഫലപ്രദമായി നടപ്പാക്കിയ സംസ്ഥാനത്തിന് കേന്ദ്ര പഞ്ചായത്ത് രാജ് മന്ത്രാലയം ഏർപ്പെടുത്തിയ പുരസ്കാരത്തിന് കേരളം ഒന്നാം സ്ഥാനത്തിന് അർഹമായിട്ടുണ്ട്. അഞ്ചു കോടി രൂപയാണ് അവാർഡ് തുക.

(സി) അവാർഡ് തുകയുടെ 30% പഞ്ചായത്ത് രാജ് സംവിധാനം സുശക്തമാക്കാനുള്ള പദ്ധതികൾക്കും ബാക്കി 70% തുക സംസ്ഥാനത്തെ മികച്ച പഞ്ചായത്തുകൾക്ക് അവാർഡ് തുകയായി സമ്മാനിക്കാനുമാണ് ഉദ്ദേശിക്കുന്നത്.

(ഡി & ഇ) ഇതാദ്യമായിട്ടാണ് ഈ അവാർഡ് ഏർപ്പെടുത്തിയിട്ടുള്ളത്.

ഗ്രാമപഞ്ചായത്തുകളിൽ ആവശ്യാനുസരണം ജീവനക്കാരെ നിയമിക്കുന്നതിന് നടപടി

80 [1019] ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളിൽ ആവശ്യത്തിന് ജീവനക്കാരില്ലാത്തതിനാൽ പദ്ധതി പ്രവർത്തനം നടത്തുന്നതിന് ബുദ്ധിമുട്ട് നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഒഴിവുകൾ അടിയന്തിരമായി നികത്തുന്നതിന് എന്ത് നടപടി സ്വീകരിച്ചു ;

(സി) സ്ഥലം മാറ്റത്തിന്റെ കാര്യത്തിൽ അന്യായമായ ഇടപെടലുകൾ നടക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രമോഷൻ വഴി നികത്തേണ്ട ഒഴിവുകൾ നികത്തുകയും, പി.എസ്.സി. വഴി നിയമിക്കേണ്ടവ റിപ്പോർട്ട് ചെയ്യുകയും ചെയ്തിട്ടുണ്ട്.

(സി) അന്യായമായ ഇടപെടലുകൾ ഒഴിവാക്കുന്നതിന് സർക്കാർ ഉത്തരവ് (എംഎസ്) നമ്പർ 215/2005/തസ്വഭവ. നസരായി സ്ഥലംമാറ്റ മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. അതനുസരിച്ചാണ് സ്ഥലം മാറ്റങ്ങൾ നടന്നുവരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly